# കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
## കന്നുകാലി ഗവേഷണകേന്ദ്രം
തിരുവാഴാംകുന്ന്(പി .ഒ ), പാലക്കാട് - 678 601, കേരള

ഇ മെയിൽ.: lrst@kvasu.ac.in ഫോൺ നമ്പർ:04924-296562


നം. എൽ5-1340/2024 തിയ്യതി:- 02/11/2024

## താൽപര്യപത്രം നോട്ടീസ്

കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ നിന്നും വിൽക്കുന്ന പശുവിൻ പാൽ (Farm Fresh Milk) വാങ്ങുന്നതിന് താൽപര്യമുള്ള FPO/സ്ഥാപനത്തിൽ നിന്നും മുദ്രവെച്ച താൽപര്യപത്രം ക്ഷണിക്കുന്നു. താൽപര്യപത്ര ഫോം സർവ്വകലാശാല വെബ് സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.

| | |
|---|---|
| താൽപര്യപത്രം സ്വീകരിക്കുന്ന അവസാന തിയ്യതി & സമയം : | 15.11.2024 & വൈകിട്ട് 5.00 മണി |
| താൽപര്യപത്രം തുറക്കുന്ന തീയതി & സമയം | : 16.11.2024 & രാവിലെ 11.00 മണി |
| താൽപര്യപത്രം തുറക്കുന്ന സ്ഥലം | : കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന് |
| നിരതദ്രവ്യം | : 15,000/- രൂപ |
| കരാർ കാലാവധി | : 1 വർഷം വരെ |

## നിബന്ധനകൾ

- കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാലയുടെ കീഴിലുള്ള തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ നിന്നും രാവിലെയുള്ള പശുവിൻ പാൽ പ്രതിദിനം 100 ലിറ്ററിന് മുകളിൽ വാങ്ങാൻ കഴിയുന്ന സ്ഥാപനത്തിന് അപേക്ഷിക്കാം. ഒരു ലിറ്ററിന് അടവാക്കുന്ന തുക ആയിരിക്കണം താൽപര്യപത്രത്തിൽ രേഖപ്പെടുത്തേണ്ടത്.
- രാവിലെ കറന്നെടുത്ത പാൽ നേരിട്ടാണ് കരാറുകാരൻ/സ്ഥാപനം വാങ്ങിക്കേണ്ടത്. ആവശ്യമായ പാൽ ക്യാനുകൾ കരാറുകാരന് ഉണ്ടായിരിക്കണം. രാവിലെ 7 മണിക്ക് മുമ്പായി ഫാമിൽ നിന്നും പാൽ എടുക്കേണ്ടതാണ്.
- പാലിന്റെ ഗുണനിലവാരം ഉപഭോക്താവിലെത്തുന്നത് വരെ നിലനിർത്താനുള്ള പൂർണ്ണ ഉത്തരവാദിത്തം കരാറുകാരനിൽ/സ്ഥാപനത്തിൽ നിക്ഷിപ്തമാണ്.
- 100 ലിറ്റർ മുതൽ 200 ലിറ്റർ വരെ പാൽ മാത്രമേ Farm Fresh Milk (നറുപാൽ) ആയി ഫാമിൽ നിന്നും ലഭ്യമാവുകയുള്ളൂ.
- രാവിലത്തെ പാൽ മാത്രമായിരിക്കും വിൽപന നടത്തുക
- പശുവിൻ പാൽ ആവശ്യമുള്ള സ്ഥാപനങ്ങൾ നിരതദ്രവ്യ തുക 15,000/- രൂപ പണമായോ ഡിമാൻഡ് ഡ്രാഫ്റ്റായോ പ്രൊഫസർ & ഹെഡ്, കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന്, 678601, എസ്.ബി.ഐ അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന വിലാസത്തിൽ നൽകാവുന്നതാണ്.

- താൽപര്യപത്രം അടങ്ങുന്ന സീൽ ചെയ്ത കവറിന് മുകളിൽ വിജ്ഞാപന നമ്പർ **എൽ.5-1340/2024 തീയതി 2.11.2024 പ്രകാരം പശുവിൻ പാലിനുള്ള താൽപര്യപത്രം** എന്നെഴുതി അസോസിയേറ്റ് പ്രൊഫസർ & ഹെഡ്, ലൈവ്സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴാംകുന്ന്, മണ്ണാർക്കാട്, പാലക്കാട്, കേരള, പിൻ-678601 എന്ന വിലാസത്തിൽ **15.11.2024** തീയതിക്ക് മുൻപായി ലഭ്യമാക്കേണ്ടതാണ്.

- നിശ്ചിത തീയതിക്കും സമയത്തിനും ശേഷവും നിരതദ്രവ്യ തുക ഇല്ലാതെയും ലഭിക്കുന്ന താൽപര്യപത്രം സ്വീകരിക്കുന്നതല്ല.

- തിരഞ്ഞെടുത്ത കരാറുകാരൻ 10 ദിവസത്തെ പാലിന്റെ വില സെക്യൂരിറ്റി നിക്ഷേപം ആയി പ്രൊഫസർ & ഹെഡ്, കന്നുകാലി ഗവേഷണ കേന്ദ്രം, തിരുവാഴാംകുന്ന്, 678601 എസ്.ബി.ഐ അലനല്ലൂർ ബ്രാഞ്ചിൽ മാറാവുന്ന വിധത്തിൽ ബാങ്ക് ഗ്യാരണ്ടിയായോ/ ഡിഡിയായോ/ പണമായോ നൽകണം.

- പത്ത് ദിവസം കൂടുമ്പോൾ കരാറുകാരൻ പണം അടവാക്കേണ്ടതാണ്.
- കരാർ കാലാവധി ഒരു വർഷത്തേക്ക് മാത്രമായിരിക്കും.
- താൽപര്യപത്രം ഉറപ്പിച്ച FPO/സ്ഥാപനം 200/- രൂപയുടെ സ്വന്തം പേരിൽ വാങ്ങിയ മുദ്രപത്രത്തിൽ കന്നുകാലി ഗവേഷണ കേന്ദ്രം മേധാവിയുമായി ഒരു നഷ്ടോത്തരവാദിത്ത കരാറിൽ ഏർപ്പടേണ്ടതാണ്.

- താൽപര്യപത്രം ഉറപ്പിച്ച FPO/സ്ഥാപനം ഏതെങ്കിലും ഒരു തിരിച്ചറിയൽ രേഖയും പാൻകാർഡും നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

- ഫാമിലെ വസ്തുവകകൾക്ക് നാശനഷ്ടങ്ങൾ വരുത്തിയാൽ ആയതിന്റെ പൂർണ്ണ ഉത്തരവാദിത്തം FPO/സ്ഥാപനത്തിൽ നിക്ഷിപ്തമായിരിക്കും.

- ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പ് കൂടാതെ റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം ഒപ്പിട്ടിരിക്കുന്ന അധികാരിയിൽ നിക്ഷിപ്തമായിരിക്കും.

- താൽപര്യപത്രം തുറക്കുന്നതിന് നിശ്ചയിച്ചിരിക്കുന്ന തീയതിയിൽ എന്തെങ്കിലും ബന്ദ്/അപ്രതീക്ഷിത അവധി/പണിമുടക്ക് എന്നിവ വന്നാൽ അടുത്ത പ്രവൃത്തി ദിവസം അതേ സമയത്ത് തുറക്കുന്നതായിരിക്കും.

- EOI സംബന്ധമായ കേരള സർക്കാരിന്റെ എല്ലാ നിബന്ധനകളും ഈ താൽപര്യപത്രത്തിനും ബാധകമായിരിക്കും.

**അസോസിയേറ്റ് പ്രൊഫസർ & ഹെഡ്**

**സ്വീകർത്താവ് :- നോട്ടീസ് ബോർഡ്/ വെബ് സൈറ്റ്**

KERALA VETERINARY & ANIMAL SCIENCES UNIVERSITY
THIRUVAZHZMKUNNU
DATE..................
LIVESTOCK RESEARCH STATION